കൊടകര മിനി സിനിമാ തിയേറ്റർ

1176 [1870] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

താലൂക്കുകേന്ദ്രം തോറും ആരംഭിക്കുവാൻ പോകുന്ന മിനി സിനിമാ തിയേറ്ററിൽ ഒന്ന് കൊടകരയിൽ സ്ഥാപിക്കുവാൻ നടപടികൾ എടുക്കുമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട എന്ന സ്ഥലത്താണ് ഇപ്പോൾ തിയേറ്റർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. തിയേറ്റർ നിർമ്മാണ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കൊടകരയുടെ കാര്യം പരിഗണിക്കാവുന്നതാണ്.

കമ്പൽസറി ഡെപ്പോസിറ്റ്

1177 [1871] ശ്രീ. ചടയൻ ഗോവിന്ദൻ:

,, എൻ. സുബ്രഹ്മണ്യ ഷേണായ്:

,, പി. കരുണാകരൻ:

,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പൽസറി ഡിപ്പോസിറ്റ് തിരിച്ചു നൽകുന്നതിന് പാലക്കാട് കണ്ണൂർ കളക്ടർമാർക്ക് റവന്യൂബോർഡ് അധികാരം നൽകിയിട്ടില്ലെന്നുള്ളതു ശരിയാണോ;

(ബി) ശരിയാണെങ്കിൽ, ഇവർക്ക് മാത്രം ഈ അധികാരം നൽകാതിരിക്കാനുള്ള കാരണങ്ങൾ എന്തെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) വെള്ളപ്പൊക്കത്തിലും മറ്റും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളവർക്ക് കാലാവധിക്ക് മുമ്പ് തുക തിരിച്ചുനൽകുന്ന കാര്യത്തിൽ ഇത് ശരിയാണ്.

(ബി) കേന്ദ്രസർക്കാരിന്റെ നിർദ്ദേശമനുസരിച്ച്, നിർബന്ധനിക്ഷേപത്തുക കാലാവധിക്ക് മുമ്പ് മടക്കികൊടുക്കുന്നതിനുള്ള അധികാരം വകുപ്പ് മേധാവികൾ അവർക്കാവശ്യമെന്നു തോന്നുന്നപക്ഷം കീഴുദ്യോഗസ്ഥൻമാർക്ക് നൽകിയാൻ മതി. പാലക്കാട്, കണ്ണൂർ ജില്ലകളെ പ്രളയബാധിത ജില്ലകളായി കേന്ദ്രസർക്കാർ കണക്കിലെടുത്തിട്ടില്ല. അതിനാൽ ഈ രണ്ട് ജില്ലാ കളക്ടർമാർക്ക് പ്രസ്തുത അധികാരം നൽകിയിട്ടില്ല. അതേസമയം ഇവിടെ ജോലി ചെയ്യുന്ന മറ്റു ജില്ലകളിലെ ഉദ്യോഗസ്ഥൻമാർക്ക് തുക നൽകാൻ ബോർഡാഫീസിൽ പ്രത്യേകം ക്രമീകരണം ഉണ്ടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly